**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ഗ്രാമപഞ്ചായത്തുകളെ മുൻസിപ്പാലിറ്റികളായി പരിവർത്തനം ചെയ്യുകയും മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കുകയും ചെയ്യുതുമൂലം അധികമാകുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ തന്നെ തസ്തിക സൃഷ്ടിച്ച് പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ (കൈ)നം.109/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,05/06/2017

---

പരാമർശം: 1. സ.ഉ(അച്ചടി) നമ്പർ 152/2015/തസ്വഭവ തീയതി 30.04.2015.
2. സ.ഉ(അച്ചടി) നമ്പർ 178/2015/തസ്വഭവ തീയതി 26.05.2015.
3. സ.ഉ(അച്ചടി) നമ്പർ 146/2015/തസ്വഭവ തീയതി 30.04.2015.
4. സ.ഉ(അച്ചടി) നമ്പർ 150/2015/തസ്വഭവ തീയതി 30.04.2015.
5. സ.ഉ(അച്ചടി) നമ്പർ 148/2015/തസ്വഭവ തീയതി 30.04.2015.
6. സ.ഉ(കൈ)നം. 333/2015/തസ്വഭവ തീയതി 31.10.2015.
7. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2016 ലെ ഇ 8-32700/2015 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം 6 ഗ്രാമപഞ്ചായത്തുകൾ കോർപ്പറേഷനുകളുമായി കൂടിച്ചേരുകയും 31 ഗ്രാമപഞ്ചായത്തുകൾ മുൻസിപ്പാലിറ്റികളായി മാറി 01/11/2015 പ്രാബല്യത്തിൽ നിലവിൽ വരികയും തുടർന്ന് പരാമർശം (6) ലെ ഉത്തരവ് പ്രകാരം അധികമായി വന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ഒരു താൽക്കാലിക സംവിധാനമെന്നോണം അതതിടങ്ങളിൽ തന്നെ നിലനിറുത്തി ഉത്തരവായിരുന്നു.

2. ഗ്രാമപഞ്ചായത്തുകളെ മുൻസിപ്പാലിറ്റികളാക്കി മാറ്റിയതുകൊണ്ടും മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്തതുകൊണ്ടും ഇല്ലാതാകുന്ന 37 ഗ്രാമപഞ്ചായത്തുകളിലായി അധികമാകുന്ന ജീവനക്കാരെ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിർത്തുന്നതിന് പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം സമർപ്പിയ്ക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അധികമായി വന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരിൽ 448 ജീവനക്കാരെ ചുവടെ ചേർക്കുംവിധം വകുപ്പിൽ തന്നെ നിലനിറുത്തി ഉത്തരവാകുന്നു.

4. പഞ്ചായത്ത് വകുപ്പിൽ അധികമായി വരുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ പഞ്ചായത്ത് വകുപ്പിൽ നിലനിറുത്തുന്നതിന്റെ ഭാഗമായി 14 സീനിയർ സൂപ്രണ്ട് തസ്തികകൾ സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകളിലും 14 സീനിയർ സൂപ്രണ്ട് തസ്തികകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലും ഒരു സീനിയർ സൂപ്രണ്ട് തസ്തിക പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി സെല്ലിലും ഉൾപ്പെടെ ആകെ 29 തസ്തികകൾ സൃഷ്ടിച്ച് പുനർവിന്യസിക്കുന്നു.

5. അധികമായി വരുന്ന അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിറുത്തുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതും, സാമ്പത്തികമായി സ്വയംപര്യാപ്തത കൈവരിച്ചതുമായ ഗ്രാമപപഞ്ചായത്തുകളിൽ നിയമനത്തിനായി 37 അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിച്ച് പുനർവിന്യസിക്കുന്നു.

6. അധികമായി വരുന്ന 146 സീനിയർ ക്ലാർക്കുമാരേയും 170 ക്ലാർക്കുമാരേയും നിലനിർത്തുന്നതിനായി 316 ക്ലറിക്കൽ തസ്തികകൾ (146 സീനിയർ ക്ലാർക്ക്, 170 ക്ലാർക്ക്) വകുപ്പിൽ സൃഷ്ടിച്ച് പുനർവിന്യസിക്കുന്നു.

7. പഞ്ചായത്ത് വകുപ്പിൽ അധികമായി വരുന്ന 66 ഓഫീസ് അറ്റൻഡന്റ് തസ്തികകൾ വകുപ്പിൽ സൃഷ്ടിച്ച് അതത് ജില്ലകളിൽ പുനർവിന്യസിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ**

**ഗവ. സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (03.06.2017 ലെ file no.dev1-268/16/fin നമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
വെബ് ആൻഡ് ന്യൂ മീഡിയ (I&PRD).
കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നമ്പർ 511/ഇപിഎ1/15/തസ്വഭവ).

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്